pro@uoc.ac.in

/universityofcalicutofficial

16
വെള്ളി
ജനുവരി 2026
Volume: 04 Issue: 120

# സിയു വാർത്ത

Weekly E Paper of University of Calicut

കാലിക്കറ്റ് സർവകലാശാലാ പബ്ലിക് റിലേഷൻസ് വിഭാഗം പ്രസിദ്ധീകരണം

## ഡോ. ജോൺ മത്തായി അനുസ്മരണ പ്രഭാഷണം




**ഡോ. ജോൺ മത്തായിയുടെ 140-ാം ജന്മവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അനുസ്മരണ ചടങ്ങിൽ ഇന്ത്യൻ ഇക്കണോമെട്രിക് സൊസൈറ്റി പ്രസിഡന്റ് ഡോ. നീരജ് ഹാട്ടേക്കർ മുഖ്യപ്രഭാഷണം നടത്തുന്നു**

നല്ല വിദ്യാഭാസവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കിയാൽ മാത്രമേ സുസ്ഥിര വികസനം സാധ്യമാകൂ എന്ന് ഇന്ത്യൻ ഇക്കണോമെട്രിക് സൊസൈറ്റി പ്രസിഡന്റ് ഡോ. നീരജ് ഹാട്ടേക്കർ പറഞ്ഞു. തൃശ്ശൂർ അരണാട്ടുകരയിലുള്ള കാലിക്കറ്റ് സർവകലാശാലാ ജോൺ മത്തായി സെന്ററിൽ പ്രവർത്തിക്കുന്ന സാമ്പത്തിക ശാസ്ത്ര പഠനവകുപ്പ് സംഘടിപ്പിച്ച ഡോ. ജോൺ മത്തായി അനുസ്മരണ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കുടിയേറ്റത്തിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലേക്കുള്ള കേന്ദ്രീകരണം തടയാനാവാത്ത പ്രതിഭാസമാണെന്നും പ്രാദേശിക സാഹചര്യങ്ങളെ ഫലപ്രദമായ രീതിയിൽ വികസനത്തിനായി ഉപയോഗിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ. ജോൺ മത്തായിയുടെ 140-ാം ജന്മവാർഷികത്തോടനുബന്ധിച്ചായിരുന്നു പരിപാടി. ചടങ്ങ് വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. 'ഹോണസ്റ്റ് ജോൺ: ലൈഫ് ഓഫ് ജോൺ മത്തായി' രചയിതാവ് ഭക്തിയർ ദാദാ ഭായി, പഠനവകുപ്പ് മേധാവി ഡോ. കെ.പി. റജുല ഹെലൻ, ഡോ. എം. മുനീർ ബാബു തുടങ്ങിയവർ സംസാരിച്ചു.

## അഖിലേന്ത്യാ ബേസ്ബോൾ: കാലിക്കറ്റിന് മൂന്നാം സ്ഥാനം




**സാവിത്രി ഭായി ഫൂലെ യൂണിവേഴ്സിറ്റിപൂനെ ആഥിത്യമരുളിയ ഓൾ ഇന്ത്യ ഇൻറർ യൂണിവേഴ്സിറ്റി ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് മൂന്നാം സ്ഥാനം. ലീഗ് റൗണ്ടിൽ കേരള യൂണിവേഴ്സിറ്റിയെ തോൽപ്പിച്ചാണ് കാലിക്കറ്റ് മൂന്നാം സ്ഥാനം കരസ്ഥമാക്കിയത്. ടൂർണമെൻറിലെ മികച്ച കാച്ചറായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അഷിഖ പ്രകാശിനെ തിരഞ്ഞെടുത്തു.**

## ലൈബ്രറി ടെക്നോളജി ശില്പശാല



**ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പ് സംഘടിപ്പിച്ചലൈബ്രറി ടെക്നോളജി പരിശീലന ശില്പശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

കാലിക്കറ്റ് സർവകലാശാലാ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പ് സംഘടിപ്പിക്കുന്ന ലൈബ്രറി ടെക്നോളജി പരിശീലന ശില്പശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ആധുനിക കാലത്തെ ലൈബ്രറി നടത്തിപ്പിന് അനിവാര്യമായ സ്വതന്ത്ര വിവര സാങ്കേതിക സോഫ്റ്റ് വെയറുകളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായാണ് ശില്പശാല സംഘടിപ്പിക്കുന്നത്. ജനുവരി 19 വരെ നീണ്ടു നിന്ന ശില്പശാലയിൽ ലൈബ്രറി സ്വതന്ത്ര സോഫ്റ്റ് വെയറുകളായ കോഹ, ഡി-സ്പേസ്, ഗ്രീൻസ്റ്റോൺ, സോട്ടെറോ, എസ്.പി.എസ്.എസ്. എന്നിവയിലാണ് പരിശീലനം നൽകിയത്. പഠനവകുപ്പ് മേധാവിയും സിൻഡിക്കേറ്റംഗവുമായ ഡോ. കെ. മുഹമ്മദ് ഹനീഫ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഫാറൂഖ് കോളേജ് കോമേഴ്സ് വിഭാഗം പ്രൊഫസർ ഡോ. ടി. മുഹമ്മദ് നിഷാദ്, സർവകലാശാലാ ഇൻഫർമേഷൻ സയന്റിസ്റ്റ് എ. മോഹനൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സി. ശ്യാമിലി ഗവേഷക വിദ്യാർഥിനി സുനിഷ എന്നിവർ സംസാരിച്ചു. സെമിനാറിൽ ഡോ. ടി. മുഹമ്മദ് നിഷാദ്, ഡോ. എം. പ്രശാന്ത്, എ. മോഹന, ജംഷീർ, ശ്രീലത, മനു എന്നിവർ ക്ലാസ്സെടുത്തു.



**18-ാമത് അഖില കേരളാ ഡോ. എൻ.വി.പി. ഉണിത്തിരി എൻഡോവ്മെന്റ് സമ്മേളനം കാലിക്കറ്റ് സർവകലാശാലാ ഭാഷാ - സാഹിത്യ ഡീൻ ഡോ. ആർ.വി.എം. ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു**




**കാലിക്കറ്റ് സർവകലാശാലാ ഹിന്ദിപഠനവകുപ്പിൽ നടക്കുന്ന ദേശീയ സെമിനാർ റാഞ്ചി ലയോള കോളേജ് ഓഫ് എജ്യുക്കേഷനിലെ റിട്ട. അസി. പ്രൊഫസർ ഡോ. വിജയ് ശർമ ഉദ്ഘാടനം ചെയ്യുന്നു**

## ഇ.എം.എം.ആർ.സിക്ക് അന്താരാഷ്ട്ര പുരസ്കാരം



**ഇ.എം.എം.ആർ.സി. ഡോക്യുമെന്ററിക്കുള്ള അന്താരാഷ്ട്ര പുരസ്കാരം ഛായാഗ്രാഹകൻ എം. ബാനിഷ് ഏറ്റുവാങ്ങുന്നു**

ബംഗ്ലാദേശിലെ ആറാമത് ബോഗറെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച അന്താരാഷ്ട്ര ഡോക്യൂമെന്ററിക്കും ഡോക്യുമെന്ററി വിഭാഗത്തിലെ സിനിമാട്ടോഗ്രാഫിക്കുമുള്ള അവാർഡുകൾ 'നേച്ചർസ് ബാൻഡേജ്' ("Nature's Bandage") എന്ന ഡോക്യുമെന്ററി കരസ്ഥമാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഇ.എം.എം.ആർ.സിക്കു വേണ്ടി സജീദ് നടുത്തൊടി രചനയും സംവിധാനവും നിർവ്വഹിച്ച ഡോക്യുമെന്ററിയുടെ ക്യാമറ ചെയ്തത് എം. ബാനിഷ് ആണ്. 32 രാജ്യങ്ങളിൽ നിന്നായി 74 സിനിമകൾ വിവിധ വിഭാഗങ്ങളിലായി മത്സരിച്ച ഈ ഫെസ്റ്റിവലിൽ ജനുവരി 8 മുതൽ 10 വരെ ബോഗറെ സിറ്റിയിലെ മബുബാൻ കോംപ്ലക്സിൽ വെച്ചാണ് നടന്നത്.

യുദ്ധത്തിന്റെ മുറിവുകളെ പരിചരിക്കുന്ന പ്രകൃതിയുടെയും സസ്യങ്ങളുടെയും വഴികളെക്കുറിച്ചാണ് ഈ സയൻസ് ഡോക്യുമെന്ററി ചർച്ച ചെയ്യുന്നത്. ഡോക്യുമെന്ററിയുടെ ഗവേഷണ പിന്തുണ നൽകിയത് ഇംഗ്ലണ്ടിലെ യോർക്ക് യൂണിവേഴ്സിറ്റിയും കാലിക്കറ്റ് യൂണിവേഴ്സിറ്റി ബോട്ടണി വകുപ്പുമാണ്.

നേരത്തെ എൻ.സി. ഇ. ആർ.ടിയുടെ ദേശിയ ഫിലിം ഫെസ്റ്റിവലിലും അവാർഡുകൾ കരസ്ഥമാക്കിയ ഈ ഡോക്യുമെന്ററിയുടെ എഡിറ്റിംഗും വിഎഫ് എക്സും നിർവ്വഹിച്ചത് സാജിദ് പീസി ആണ്. വിദ്യാഭ്യാസ ഡോക്യുമെന്ററികളും വീഡിയോ ക്ലാസ്സുകളും ഓൺലൈൻ കോഴ്സുകളും തയ്യാറാക്കുന്ന സർവകലാശാലയിലെ സ്ഥാപനമാണ് ഇ എം എം ആർ സി. സാമൂഹിക -വിദ്യഭ്യാസ പ്രാധാന്യമുള്ള ഡോക്യുമെന്ററികൾ മികച്ച സാങ്കേതിക പിന്തുണയോടെ തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതിന്റെ ഫലമാണ് ഈ നേട്ടമെന്ന് ഇ.എം.എം.ആർ.സി ഡയറക്ടർ ദാമോദർ പ്രസാദ് അറിയിച്ചു.

## ഐ.ടി.എസ്.ആറിൽ ദേശീയ സെമിനാർ

വയനാട് ചെതലയത്തുള്ള കാലിക്കറ്റ് സർവകലാശാലാ ഗോത്ര പഠന ഗവേഷണ കേന്ദ്രത്തിലെ കോമേഴ്സ് പഠനവകുപ്പ് "നാവിഗേറ്റിങ് സസ്റ്റൈനബിലിറ്റി ഇൻ ബിസിനസ്: എമർജൻസി ട്രെൻഡ്സ് ആന്റ് ഓപ്പർച്യൂണിറ്റി" എന്ന വിഷയത്തിൽ ദേശീയസെമിനാർ സംഘടിപ്പിച്ചു. ഫാറൂഖ് കോളേജ് കോമേഴ്സ് വിഭാഗം പ്രൊഫസർ ഡോ. ആർ. രശ്മി മുഖ്യാഥിതിയായി. ഗോത്ര പഠന ഗവേഷണ കേന്ദ്രം ഡയറക്ടർ സി. ഹരികുമാർ അധ്യക്ഷത വഹിച്ചു. പഠനവകുപ്പ് മേധാവി ഡോ. ഗ്രീഷ്മദാസ് സ്വാഗതം പറഞ്ഞു. മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡിന് എം.ഇ.എസ്. കെ.വി.എം. കോളേജിലെ ഗവേഷകരായ സനിത, സിനി എന്നിവർ അർഹരായി. സമാപന സമ്മേളനം തമിഴ്നാട് നിലഗിരി കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജിതിൻ സ്കറിയ ഉത്ഘാടനം ചെയ്തു.




**നാവിഗേറ്റിങ് സസ്റ്റൈനബിലിറ്റി ഇൻ ബിസിനസ്: എമർജൻ സി ട്രെൻഡ്സ് ആന്റ് ഓപ്പർച്യൂണിറ്റി" എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ ഫാറൂഖ് കോളേജ് കോമേഴ്സ് വിഭാഗം പ്രൊഫസർ ഡോ. ആർ. രശ്മി മുഖ്യ പ്രഭാഷണം നടത്തുന്നു**

Published by the Public Relations Wing, University of Calicut, on behalf of Registrar University of Calicut | Content Editor: Shri. Shijith CK | DTP: Shri. Abay Dev | Design: Shri. Rizvan Ameer EK | Private Circulation Only